# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 835

29.09.2016 ൽ മറുപടിക്ക്

### പൂവാറൻതോട് സർക്കാർ എൽ.പി. സ്കൂൾ അപ്ഗ്രഡേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് എം. തോമസ് | പ്രൊഫ.സി. രവീന്ദ്രനാഥ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) നിരവധി ആദിവാസികളുൾപ്പെടെയുള്ളവർ തിങ്ങിപ്പാർക്കുന്നതും മലയോര പ്രദേശവുമായ തിരുവമ്പാടി മണ്ഡലത്തിലെ പൂവാറൻതോട് സർക്കാർ എൽ.പി. സ്കൂൾ. യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (എ) പൂവാറൻതോട് സർക്കാർ എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 18.06.2015 -ൽ 3060/14 ഉൾപ്പെടെ ഒരു കൂട്ടം റിട്ട് ഹർജികളിൻമേലുള്ള വിധിന്യായത്തിൽ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തി സ്കൂളുകൾ ആരംഭിക്കുന്നതിനും അപ്ഗ്രേഡ് ചെയ്യുന്നതിനുമുള്ള ഉചിതമായ നടപടി സ്വീകരിക്കണമെന്ന് ബഹു. ഹൈക്കോടതി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ പ്രദേശങ്ങൾ ഉൾപ്പെടുത്തി പ്രാഥമിക വിജ്ഞാപനം 25.05.16-ലെ 985 ാം നമ്പർ അസാധാരണ ഗസറ്റായി വിജ്ഞാപനപ്പെടുത്തുകയുണ്ടായി. വിദ്യാഭ്യാസ ആവശ്യകത ഉണ്ടെന്ന് കണ്ടെത്തുന്ന പ്രദേശത്ത് മാത്രമേ പുതിയ സ്കൂൾ ആരംഭിക്കുന്നതിനോ / നിലവിലുള്ള സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനോ പരിഗണിക്കുകയുള്ളൂ. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം V ചട്ടം 2, 2എ പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പൂർത്തിയാക്കി മാത്രമേ അന്തിമ തീരുമാനം സാധ്യമാവൂ. ആയതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചു വരികയാണ്. |

Rema.V

സെക്ഷൻ ഓഫീസർ